**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **08-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നടന്നുവരുന്ന പാത ഇരട്ടിപ്പിക്കൽ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ താഴെപറയും പ്രകാരം പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം നടന്നു വരുന്നു. ആലപ്പുഴ എറണാകുളം - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിനായി 32 ഹെക്ടർ 19 ആർസ് 84 ച.മീ സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിരുന്നുവെങ്കിലും നിലവിൽ കുമ്പളം - തുറവൂർ റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി 8 ഹെക്ടർ 66 ആർസ് 2 ച.മീ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് ജില്ലയിൽ നടന്നു വരുന്നത്. കോടന്തുരുത്ത് വില്ലേജിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും, റെയിൽവേ അലൈൻമെന്റ് കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ച് ബന്ധപ്പെട്ട റിക്കാർഡുകൾ പൂർണ്ണമായി നൽകിയിട്ടില്ലാത്തതാണ്. എറണാകുളം. എറണാകുളം - കുമ്പളം റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് 5.87 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. റെയിൽവേ എൽ.എ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് സർവ്വേ നടപടികളും SIA പഠനത്തിനുള്ള നടപടികൾ തുടങ്ങുന്നതാണ്. കോട്ടയം കോട്ടയം ജില്ലയിൽ നാളിതുവരെ 40.76.77 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറി. നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് തീരദേശ പാതകളുടെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കൽ, സബ്-വേ നിർമ്മാണം, അരൂർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക ഭൂവുടമകൾക്ക് കൈമാറിയിട്ടുള്ളതാണ്. എറണാകുളം ജില്ലയിൽ തീരദേശ പാതകളുടെ ഇരട്ടിപ്പിക്കലുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികൾ ഉണ്ടായിട്ടില്ലാത്തതാണ്. |
| (സി) | കായംകുളം-എറണാകുളം തീരദേശ പാതയുടെയും കായംകുളം-കോട്ടയം-എറണാകുളം പാതയുടെയും ഇരട്ടിപ്പിക്കൽ ജോലി എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) | കായംകുളം - എറണാകുളം തീരദേശപാതയിൽ (50%), കായംകുളം - അമ്പലപ്പുഴ വരെയും കായംകുളം - കോട്ടയം - എറണാകുളം റെയിൽപ്പാതയിൽ കായംകുളം - ചിങ്ങവനം വരെയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പാതകളിൽ ഏതെല്ലാം ഭാഗങ്ങളിലാണ് പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിക്കാനുള്ളത്; ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജില്ല തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു. ആലപ്പുഴ - അമ്പലപ്പുഴ - എറണാകുളം വരെയുള്ള തീരദേശ റെയിൽപ്പാതയിൽ പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിക്കാനുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റെയിൽവേ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്. കോട്ടയം - കോട്ടയം ജില്ലയിൽ 0.8958 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ അവശേഷിക്കുന്നത്. സമയബന്ധിതമായി റെയിൽവേയ്ക്ക് ഏറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എറണാകുളം - തീരദേശ പാത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. കോട്ടയം- കായംകുളം -എറണാകുളം റെയിൽപാത ഇരട്ടിപ്പിക്കലിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | നിലവിലെ സ്ഥിതി | വില്ലേജ് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | 19(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി | കട്ടുത്തുരുത്തി അതിരമ്പുഴ | 0.21.94 |
| 2 | 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി | കുറിച്ചി, മാഞ്ഞൂർ അതിരമ്പുഴ, നാട്ടകം, മുട്ടമ്പലം, പെരുമ്പായിക്കാട് | 0.50.29 |
| 3 | 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി | മുട്ടമ്പലം, മാഞ്ഞൂർ, അതിരമ്പുഴ | 0.17.35 |
| | ആകെ വിസ്തീർണ്ണം | | 0.89.58 |

സെക്ഷൻ ഓഫീസർ